**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4910** **20-03-2025 - ൽ മറുപടിയ്ക്ക്**

**അഡ്വഞ്ചർ ടൂറിസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | അഡ്വഞ്ചർ ടൂറിസവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ നടപടി സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (എ) | വിനോദസഞ്ചാര വകുപ്പ് സാഹസിക വിനോദ പരിപാടികൾ നടപ്പിലാക്കുന്നത് കേരള അഡ്വഞ്ചർ ടൂറിസം പ്രമോഷൻ സൊസൈറ്റി മുഖേനയാണ്. സാഹസിക വിനോദ പരിപാടികൾ സംഘടിപ്പിക്കുവാൻ രജിസ്ട്രേഷൻ നിർബന്ധമാക്കിയ ആദ്യ സംസ്ഥാനമാണ് കേരളം. വിനോദ സഞ്ചാര വകുപ്പിന്റെ പ്രഥമ ലക്ഷ്യം സാഹസിക ടൂറിസം മേഖലയിലെ പ്രവർത്തനങ്ങളിൽ സുരക്ഷിതത്വവും ഗുണനിലവാരവും ഉറപ്പ് വരുത്തുക എന്നതാണ്.<br><br>കൂടുതൽ വിദേശ സഞ്ചാരികളേയും ഇതര സംസ്ഥാന സഞ്ചാരികളെയും കേരളത്തിലേക്ക് ആകർഷിക്കുന്നതിനുമായി ടൂറിസം വകുപ്പ് വിവിധങ്ങളായ അന്തർദേശീയ സാഹസിക ടൂറിസം ഫെസ്റ്റിവലുകളും ചാമ്പ്യൻഷിപ്പുകളും സംഘടിപ്പിക്കുന്നു.<br><br>**1. മലബാർ റിവർ ഫെസ്റ്റിവൽ (അന്താരാഷ്ട്ര വൈറ്റ് വാട്ടർ കയാക്കിംഗ് ചാമ്പ്യൻഷിപ്പ്) തുഷാരഗിരി, കോഴിക്കോട്**<br><br>**2. ഇന്റർനാഷണൽ പാരാഗ്ലൈഡിംഗ് ഫെസ്റ്റിവൽ വാഗമൺ, ഇടുക്കി**<br><br>**3. അന്താരാഷ്ട്ര സർഫിംഗ് ചാമ്പ്യൻഷിപ്പ്, വർക്കല, തിരുവനന്തപുരം**<br><br>**4. MTB Kerala (Mountain Terrain Biking), മാനന്തവാടി, വയനാട്**<br><br>**5. ബേപ്പൂർ ഇന്റർ നാഷണൽ വാട്ടർ ഫെസ്റ്റ്, കോഴിക്കോട്**<br><br>**6. അൾട്ര മാരത്തോൺ മൂന്നാർ മുതൽ തേക്കടി വരെ**<br><br>സാഹസിക ടൂറിസത്തിൽ പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങളും, |

സഹായങ്ങളും കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി നൽകിവരുന്നു. സാഹസിക ടൂറിസം നടപ്പിലാക്കുന്നവർക്ക് വേണ്ടിയുള്ള പരിശീലന ക്ലാസുകളും അതുപോലെതന്നെ അഡ്വഞ്ചർ ആക്റ്റിവിറ്റികൾ ചെയ്യുന്നതിനുള്ള ഉപകരണങ്ങൾ വാങ്ങുന്നതുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങളും കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി നൽകുന്നു. ഇതുവഴി സാഹസിക ടൂറിസം മേഖലയിൽ പുതിയ സംരംഭകരെ സൃഷ്ടിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്.

കേരളത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രധാനപ്പെട്ട 50 ഹൈക്കിംങ്, ട്രെക്കിങ്, റൂട്ടുകൾ കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി മാപ്പ് ചെയ്തുകൊണ്ടിരിക്കുകയാണ്. ഇത്തരം ആക്ടിവിറ്റികൾ സംഘടിപ്പിക്കുന്നത് വഴി കൂടുതൽ ആളുകളെ ടൂറിസം മേഖലയിലേക്ക് കൊണ്ട് വരുന്നതിനും അതുവഴി കൂടുതൽ സംരംഭങ്ങളും തൊഴിൽ സാധ്യതകളും സൃഷ്ടിക്കുന്നതിന് കഴിയുന്നതുമാണ്.

അതുപോലെതന്നെ സാഹസിക ടൂറിസത്തിന് അനിവാര്യമായ ഘടകം പരിചയസമ്പന്നരും പരിശീലനം ലഭിച്ചതുമായ ജീവനക്കാരുമാണ്. കേരളത്തിൽ സാഹസിക ആക്ടിവിറ്റികളിൽ പരിശീലനം നൽകുന്നതിനുള്ള സ്ഥാപനങ്ങൾ കുറവാണ്. നിലവിൽ വർദ്ധിച്ച് വരുന്ന തൊഴിലവസരങ്ങളുള്ള സാഹസിക ടൂറിസം മേഖലയിൽ കൂടുതൽ പരിശീലനം നൽകി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി ഒരു സാഹസിക അക്കാദമി ആവശ്യമാണ്. തിരുവനന്തപുരം ജില്ലയിലെ ശാസ്താം പാറയിൽ ഒരു സാഹസിക പരിശീലനകേന്ദ്രം തുടങ്ങുന്നതിന് ടൂറിസം വകുപ്പ് ആലോചിക്കുന്നു. ടെണ്ടർ മുഖാന്തരം കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി സ്വകാര്യ സംരംഭകരെ ഉൾപ്പെടുത്തി ടി പ്രോജക്റ്റ് നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിക്കുകയാണ്.

ടൂറിസം വകുപ്പിന്റെ സഹായത്തോടെ കേരളത്തിലെ വിവിധ ബീച്ചുകളിൽ കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി സാങ്കേതിക സാഹചര്യങ്ങൾ വിലയിരുത്തി സ്വകാര്യ സംരംഭകരെ കൂടി ഉൾപ്പെടുത്തി സാഹസിക ആക്ടിവിറ്റികൾ (ATV Ride, Sea Kayaking, Surfing, Scuba Diving, Para sailing, Speed Boat, Jet Skie, Power Boat Fun Rides, Wind Surfing, etc.) ചെയ്യാൻ ഉദ്ദേശിക്കുന്നു.

ഇരുവഞ്ഞിപ്പുഴ, ചാലിപ്പുഴ ഉൾപ്പെട്ട നദിയോട് ചേർന്നാണ് കോഴിക്കോട് അന്താരാഷ്ട്ര കയാക്കിംങ് സെന്റർ സ്ഥാപിച്ചിരിക്കുന്നത്. ആയതിനാൽ പ്രസ്തുത പദ്ധതിയിൽ കയാക്കിങ്, റാഫ്റ്റിങ്, വൈറ്റ് വാട്ടർ കയാക്കിങ് ആക്ടിവിറ്റികൾക്ക് ട്രെയിനിംഗ് നൽകാൻ സാധിക്കും. അതുപോലെ വ്യായാമം ആവശ്യമായി വരുന്ന സർഫിങ് കൂടുതൽ ജനകീയമാക്കുന്നതിനായി വിശാലമായ കേരള തീരപ്രദേശത്തു അനുയോജ്യമായ സ്ഥലങ്ങളിൽ സർഫിങ് സ്കൂളുകൾ സ്ഥാപിക്കാൻ ആലോചിക്കുന്നു. തുടക്കമെന്ന നിലയിൽ വർക്കലയെ ഒരു അന്തർദേശിയ സർഫിങ് കേന്ദ്രമാക്കാനുള്ള നടപടികൾക്ക് ഈ വർഷം തുടക്കം കുറിക്കും.

കൂടാതെ ജല സാഹസിക വിനോദ രംഗത്ത് പുത്തൻ ഉണർവ്വേകുന്നതിനായി സംസ്ഥാനത്തെ 9 തീരപ്രദേശമുള്ള ജില്ലകളിലും ഫ്ലോട്ടിംഗ് ബ്രിഡ്ജുകൾ സ്ഥാപിക്കുന്നതിന് ടൂറിസം വകുപ്പ് തീരുമാനിച്ചു. നിലവിൽ ബേപ്പൂർ, ബേക്കൽ, മുഴപ്പിലങ്ങാട്, താനൂർ, ചാവക്കാട്, വർക്കല, കുഴുപ്പിള്ളി എന്നിവിടങ്ങളിൽ ഫ്ലോട്ടിംഗ് ബ്രിഡ്ജുകൾ സ്ഥാപിച്ചു. ഈ വർഷം തന്നെ ആലപ്പുഴ, കൊല്ലം ജില്ലകളിലും ടി പ്രവർത്തനം തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നു.

സാഹസിക ടൂറിസത്തെ കൂടുതൽ ജനകീയമാക്കുന്നതിന്റെ ഭാഗമായി ഗ്ലാസ് ബ്രിഡ്ജ് എന്ന നൂതന സംരംഭം കേരളത്തിലെ സാഹസിക വിനോദത്തിന്റെ കേന്ദ്രമായ വാഗമണ്ണിൽ കേരള ടൂറിസം വകുപ്പിന്റെ നിയന്ത്രണത്തിലുള്ള വാഗമൺ അഡ്വഞ്ചർ പാർക്കിൽ സ്വകാര്യ പങ്കാളിത്തത്തോടെ ഇന്ത്യയിലെ ഏറ്റവും വലിയ കാന്റിലിവർ ഗ്ലാസ്സ് ബ്രിഡ്ജ് നിർമ്മാണം പൂർത്തീകരിച്ച് സഞ്ചാരികൾക്കായി തുറന്നു നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് സർഫിംഗ് സാധ്യതകൾ വികസിപ്പിയ്ക്കുന്നതിന് ടൂറിസം വകുപ്പിന്റെ നേതൃത്വത്തിൽ ബേപ്പൂരിൽ സർഫിംഗ് അക്കാഡമിക്ക് തുടക്കമിട്ടു.

കേരളത്തിലുടനീളമുള്ള സാഹസിക പാർക്കുകളിൽ സാഹസിക പരിപാടികൾ നടത്തുന്നതിന് യോഗ്യതയുള്ള ഇൻസ്ട്രക്ടർമാരുടെ ആവശ്യകത ടൂറിസം വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന KATPS ഉം KITTS ഉം തിരിച്ചറിഞ്ഞിട്ടുണ്ട്.

KATPS മായി ചേർന്ന് സാഹസിക പ്രവർത്തനങ്ങളിലെ ഇൻസ്ട്രക്ടർമാർക്കായി ഒരു സർട്ടിഫിക്കറ്റ് പ്രോഗ്രാം ആരംഭിക്കാൻ KITTS പദ്ധതിയിട്ടിട്ടുണ്ട്. സാഹസിക പ്രവർത്തന വിഭാഗത്തിൽ ഒരു കരിയർ പഠിക്കാൻ ആഗ്രഹിക്കുന്ന

| | | | |
|---|---|---|---|
| | | | താൽപ്പര്യമുള്ള യുവാക്കളെയും നിലവിൽ സാഹസിക പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവരെയും ലക്ഷ്യമിട്ടാണ് സർട്ടിഫിക്കറ്റ് പ്രോഗ്രാം. കോഴ്സുകളുടെ ആദ്യ ബാച്ച് മാർച്ച് 13 ന് തൈക്കാട് KITTS ൽ ആരംഭിച്ചു. |

സെക്ഷൻ ഓഫീസർ